Vol.18
Issue - 33
19 February 2017

എമ്മാവൂസ്
# വചനദൂത്

ദനഹാക്കാലം 7-ാം ഞായർ മത്തായി 8:5-13



# ഒരു വാക്കിൽ സൗഖ്യം

- ബ്ര. സാന്റോ മാങ്കിലോട്ട്

വി. മത്തായിയുടെ സുവിശേഷം 8-ാം അദ്ധ്യായം 1 മുതൽ 17 വരെയുള്ള തിരുവചനത്തിൽ മൂന്ന് സൗഖ്യപ്പെടുത്തലുകളുടെ വിവരണങ്ങളാണ് നൽകിയിരിക്കുന്നത്. കുഷ്ഠരോഗിയെയും, ശതാധിപന്റെ പുത്രനെയും, പത്രോസിന്റെ അമ്മായിമ്മയെയും സുഖപ്പെടുത്ത വിവരങ്ങൾ. വീണ്ടും മത്തായിയുടെ സുവിശേഷം 8, 9 അദ്ധ്യായങ്ങൾ അത്ഭുതങ്ങളുടെ വിവരണമാണ് പറഞ്ഞ് വയ്ക്കുന്നത്. ഈശോയുടെ സ്വർഗ്ഗീയ അധികാരത്തെയും പ്രത്യേകതയെയും പ്രഘോഷിക്കുന്നതാണ് ഈ അത്ഭുതങ്ങൾ. ഈശോയെ വിശ്വസിക്കുക എന്നാൽ ഈശോയിലും, അവിടുത്തെ സ്വർഗ്ഗീയ അധികാരത്തിലും പ്രത്യാശയർപ്പിക്കുക എന്നതാണ്. സ്വർഗ്ഗീയ അധികാരത്തിന് കീഴ്പ്പെടുന്നവർക്കാണ് ദൈവിക ഇടപെടലുകൾ ജീവിതത്തിൽ അനുഭവിക്കാനുള്ള ഭാഗ്യം ലഭിക്കുന്നത്.

ഇന്നത്തെ സുവിശേഷത്തിൽ ശതാധിപൻ നമുക്ക് മാതൃകയായിത്തീരുന്നത് വിശ്വാസത്തോടെയുള്ള ഏറ്റുപറച്ചിലിലൂടെയാണ്. ‘Men’s search for meaning’ എന്ന ഗ്രന്ഥത്തിൽ Victor Frank സ്നേഹത്തെപ്പറ്റി പറയുന്നത് “ഒരു മനുഷ്യന്റെ ഹൃദയത്തിന്റെ ഹൃദയത്തിങ്കലേക്ക് ഇറങ്ങിച്ചെല്ലാൻ സ്നേഹത്തിന് മാത്രമേ കഴിയുകയുള്ളു” എന്നാണ്. അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന ശതാധിപൻ, യേശുവിന്റെ അരികിലേക്ക് തന്റെ അധികാരം എല്ലാം മാറ്റിവെച്ചിട്ട് കടന്നു ചെല്ലുന്നു. ദൈവസ്വഭാവം പൂർണ്ണമായി മനസ്സിലാക്കി അയോഗ്യതകളെ യോഗ്യതകളാക്കുന്ന കഴിവ് ദൈവത്തിനുണ്ട് എന്ന് അയാൾ വിശ്വസിച്ചു. ഇതിന് ഏറ്റവും വലിയ തെളിവാണ്, ‘ഒരു വാക്ക് കൽപ്പിച്ചാൽ മതി’ എന്ന ഉറപ്പ്.

1960-ൽ നോബൽ സമ്മാനം നേടിയവരിൽ ലോകം ഏറ്റം ആദരിച്ച വ്യക്തിയായിരുന്നു ആൽബർട്ട് ഷൈറ്റ്സർ. നിസ്വാർത്ഥ സേവനത്തിനുള്ള അംഗീകാരമായിട്ടായിരുന്നു അദ്ദേഹത്തിന് നോബൽ സമ്മാനം നൽകിയത്. ജീവിതകാലം മുഴുവൻ ആഫ്രിക്കയിൽ പാവങ്ങളുടെ ഇടയിൽ സേവനമനുഷ്ഠിച്ച വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ജീവിതത്തെ മുഴു

വൻ മാറ്റിമറിച്ച സംഭവം അദ്ദേഹം വിവരിക്കുന്നത് ഇങ്ങനെയാണ്.

ഒരിക്കൽ ഒരു ട്രെയിനിൽ അദ്ദേഹം യാത്ര ചെയ്യുകയായിരുന്നു. തൊട്ടടുത്ത ഇരിപ്പിടങ്ങളിലായി ഒരു വൃദ്ധനും അപരിചിതനായ ഒരു യുവാവും ഉണ്ടായിരുന്നു. അവർ തമ്മിൽ പരിചയപ്പെടുന്നതും ഷ്വൈറ്റ്സർ ശ്രദ്ധിച്ചു. ട്രെയിനിൽ നിന്ന് ഇറങ്ങാൻ സമയമായപ്പോൾ യുവാവ് വൃദ്ധനോട് ചോദിച്ചു: 'എവിടേക്കാണ് പോകുന്നത്? അദ്ദേഹം മറുപടി പറഞ്ഞു: "ടൗണിലേക്ക്, എന്റെ മകൻ ഹോസ്പിറ്റലിൽ മരിക്കാറായി കിടക്കുന്നു." "വഴിയറിയാമോ?" "ഇല്ല, ഞാൻ ആദ്യമായി ഇവിടെ വരികയാണ്, അന്വേഷിച്ച് കണ്ടുപിടിക്കണം." യുവാവ് പറഞ്ഞു; "ഞാൻ സഹായിക്കാം;" "ഞാൻ നിങ്ങളെ ഹോസ്പിറ്റൽ വരെ കൊണ്ടുപോയി എത്തിച്ച് മടങ്ങി വന്നുകൊള്ളാം."

ഇതു കേട്ടുകൊണ്ടിരുന്ന ആൽബർട്ട് ഷ്വൈറ്റ്സർ ചിന്തിച്ചു. ജീവിതം മുഴുവൻ മറ്റുള്ളവർക്കായി മാറ്റിവെച്ചാലോ? അത് എത്ര മഹത്തരമായിരിക്കും. ഷ്വൈറ്റ്സർ ആ യാത്ര അവസാനിപ്പിച്ചത് പുതിയൊരു തീരുമാനത്തോടെയായിരുന്നു. അദ്ദേഹം ആഫ്രിക്കയിൽ ഒംഗ്വ നദീതീരത്ത് ആശുപത്രിയും കുഷ്ഠരോഗികളെ ശുശ്രൂഷിക്കാൻ ചികിത്സാകേന്ദ്രവും ആരംഭിച്ചു.

മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കും ദുഃഖങ്ങളിലേക്കും തുറക്കപ്പെട്ട ഈ മനസ്സ് സ്വന്തമാക്കുക. മുമ്പിലേക്ക് കടന്ന് വരുന്നത് ആരുമായികൊള്ളട്ടെ. വേദനകളിലേയ്ക്കും ആവശ്യങ്ങളിലേയ്ക്കും കണ്ണുതിരിച്ച് ആശ്വസിപ്പിക്കാനും സഹായിക്കുവാനുള്ള ഹൃദയ വിശാലത ഉണ്ടാക്കിയെടുക്കണം. നമ്മുടെ അനുദിന ജീവിതത്തിൽ നടക്കുന്ന ഓരോ സംഭവങ്ങളും ഓരോ അടയാങ്ങളാണ്. തെറ്റുകളിൽ നിന്ന് മാറി നിൽക്കാനും, നന്മയിലേയ്ക്കും ദൈവത്തിങ്കലേയ്ക്കും തിരിയാനുള്ള ആഹ്വാനവുമാണത്.

യേശുവിലുള്ള വിശ്വാസം ഏറ്റുപറയുന്നവർ ആരായിരുന്നാലും അവരിലേക്ക് യേശു വ്യക്തിപരമായി കാരുണ്യം വർഷിച്ചുകൊണ്ട് കടന്ന് ചെല്ലുന്നതായിട്ട് യോഹന്നാന്റെ സുവിശേഷം 8, 9 അധ്യായങ്ങളിൽ കാണുവാനായിട്ട് കഴിയും. കുഷ്ഠരോഗിയെയും, പിശാച് ബാധിതനെയും തളർവാതരോഗിയെയും സുഖപ്പെടുത്തിയും അന്ധന് കാഴ്ച നൽകിയും യേശു തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് മുമ്പിൽ തന്റെ കാരുണ്യം ചൊരിയുകയാണ്. ദുഃഖപൂർണ്ണമായ നിമിഷത്തിൽ ദൈവത്തെ തള്ളിപ്പറയുന്നവർപോലും അവിടുത്തെ പക്കൽ ആശ്വാസം കണ്ടെത്തുന്നു. അതിനാൽ ശതാധിപനെപ്പോലെ നമുക്കും ദൈവത്തിന്റെ അരികിലേക്ക് കടന്നുവരാൻ കഴിയണം.

ദൈവീക പദ്ധതികൾക്കായിട്ട് ജീവിതം സമർപ്പിക്കുന്നവരുടെ ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവീക പദ്ധതികൾ പൂർത്തിയാക്കപ്പെടുന്നുണ്ട്. നാം ആയിരിക്കുന്ന അവസ്ഥയിൽ യേശുവിനെ സമീപിക്കുമ്പോൾ അവിടുത്തെ കാരുണ്യം അനുഭവിക്കാൻ കഴിയും. ആ കാരുണ്യം മറ്റുള്ളവരിലേയ്ക്ക് പകരാനും നമുക്ക് കഴിയും. "ഒരു വാക്ക് കൽപ്പിച്ചാൽ മതി" എന്ന ശതാധിപന്റെ വിശ്വാസത്തോടെ നമുക്കും ദൈവത്തെ സമീപിക്കാം." "ദൈവമേ, നിന്റെ ഒരു വാക്കോ, നോട്ടമോ, സ്പർശനമോ മതി ഞാനെന്ന വ്യക്തി സൗഖ്യപ്പെടാൻ" എന്ന പ്രാർത്ഥനയോടെ ആയിരിക്കാം.

ദൈവം നൽകുന്ന സൗഖ്യം നിത്യമാണ്. ആ സൗഖ്യം നേടിയാൽ ഒരിക്കലും അവനെ വിട്ട് പിരിയാൻ നമുക്ക് കഴിയില്ല. അതിനാൽ ദൈവം നൽകുന്ന സൗഖ്യത്തിനായ് പ്രാർത്ഥിക്കാം. ശതാധിപന്റെ വിശ്വാസം ജീവിതം നമുക്കും യേശുവിലുള്ള ആശ്രയം അനുദിനം വർദ്ധിക്കുവാൻ ഇടയാക്കട്ടെ. ◆

